(ഡി) കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) വയനാട് ജില്ലാ മെഡിക്കൽ ഓഫീസർ ഏതെങ്കിലും സമിതി മുൻപാകെ ഹാജരാകാൻ രേഖാമൂലം ആവശ്യപ്പെട്ടിട്ട് ഹാജരാകാതിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

പി. എസ്. സി. പരീക്ഷയുടെ ചോദ്യപേപ്പർ ചോർച്ച

*25 [24] ശ്രീ. മഞ്ഞളാംകുഴി അലി:

,, സാജു പോൾ:

,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരീക്ഷകൾ ആക്ഷേപങ്ങൾക്ക് ഇടനൽകാതെ കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പരീക്ഷാ നടത്തിപ്പ് കേന്ദ്രങ്ങളിലേക്ക് അയയ്ക്കുന്ന ചോദ്യപേപ്പറുകൾ ചോർത്തിയത് സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരെ കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ഇ) ഇവർ പി. എസ്. സി. ജീവനക്കാരാണോ;

(എഫ്) ഈയിടെ നടത്തിയ എൽ. ഡി. സി. പരീക്ഷാ പേപ്പർ ചോർന്ന സംഭവത്തിൽ പി. എസ്. സി. ജീവനക്കാർക്കോ കമ്മീഷനോ ബന്ധമുള്ളതായി തെളിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) പി. എസ്. സി. യുടെ പരീക്ഷകൾ ആക്ഷേപങ്ങൾക്ക് ഇട നൽകാത്ത വിധം കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതായി പി. എസ്. സി. അറിയിച്ചിട്ടുണ്ട്.

(ബി) പരീക്ഷാ കേന്ദ്രങ്ങളിൽ ചോദ്യ പേപ്പർ ചോരുന്ന സംഭവങ്ങൾ മേലിൽ ഉണ്ടാകാതിരിക്കുന്നതിനു വേണ്ടി പരീക്ഷാ ദിവസം പി. എസ്. സി. യിലെ ഉദ്യോഗസ്ഥർ നേരിട്ട് ചോദ്യപേപ്പർ പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിച്ച് അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

സാന്നിദ്ധ്യത്തിൽ പരീക്ഷ നടത്തി ഉത്തരക്കടലാസുകളും മറ്റു രേഖകളും ഏറ്റുവാങ്ങി പി. എസ്. സി. ആഫീസിൽ എത്തിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയതായും ക്രമക്കേടുകൾ ആരുടെയെങ്കിലും ഭാഗത്തുനിന്ന് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടാൽ ശക്ത മായ നടപടി സ്വീകരിക്കുന്നതാണെന്നും പി. എസ്. സി. അറിയിച്ചിട്ടുണ്ട്.

(സി) ഉണ്ട്. പോലീസിലെ ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷണം നടത്തി വരികയാണ്.

(ഡി, ഇ & എഫ്) അന്വേഷണം പൂർത്തിയായിട്ടില്ല.

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ജനങ്ങളെ കണ്ടെത്തുവാനുള്ള മാനദണ്ഡങ്ങൾ

*26 [26] ശ്രീ. വി. ചെന്താമരാക്ഷൻ:

,, കെ. രാധാകൃഷ്ണൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങളെ കണ്ടെത്തുവാൻ സർക്കാർ പുതിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഭരണ നവീകരണ പരപാടിയിൽ ബി. പി. എൽ. വിഭാഗത്തിൽപ്പെട്ട വരെ നിശ്ചയിക്കുവാൻ എന്തെങ്കിലും മാനദണ്ഡങ്ങൾ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതെന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ഇ) എല്ലാ രാഷ്ട്രീയ കക്ഷികളുമായും വിശദമായി ചർച്ചകൾ നടത്തിയ ശേഷം മാത്രം ബി. പി. എൽ. വിഭാഗത്തെ നിശ്ചയിക്കുവാനുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായും തീരുമാനിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly